# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 622 — 29/06/2015-ൽ മറുപടിക്ക്

### സൗജന്യ ചികിൽസ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാജു : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് എത്ര രൂപ വരെയുള്ള സൗജന്യ ചികിൽസയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ പട്ടികവർഗ്ഗ വിഭാഗക്കാർക്കും സൗജന്യ ചികിൽസയാണ് സർക്കാർ ആശുപത്രികളിൽ ലഭിച്ചുവരുന്നത്. |
| (ബി) | രോഗിയിൽ നിന്നും പരിധിയിൽ കൂടുതൽ ഈടാക്കുന്ന തുക റീ ഇംബേഴ്സ് ചെയ്ത് നൽകുവാൻ സംവിധാനമുണ്ടോ ; എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ ; | | |
| (സി) | ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരം സൗകര്യങ്ങൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകളും ഇതുമായി ബന്ധപ്പെട്ട ആശുപത്രികളും, കണ്ണൂർ ജില്ലയിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം കണ്ണാശുപത്രി എന്നീ സ്ഥാപനങ്ങൾ വഴി ഈ പദ്ധതി നടപ്പാക്കുന്നു. കൂടാതെ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും മുകളിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളുടെ സൂപ്രണ്ട്മാർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം തുക അനുവദിക്കുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ അവരുടെ അധീനതയിലുള്ള ജില്ലാ താലൂക്ക് ആശുപത്രികൾക്കും പട്ടികവർഗ്ഗക്കാർ ചികിത്സ തേടിയെത്തുന്നതിന്റെ കണക്കനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും ആവശ്യാനുസരണം തുക അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ